പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2394 - 13.02.2013-ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്

**ഉത്തരം**

ശ്രീ. കെ. എം. മാണി

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2013 ഫെബ്രുവരി 1 വരെ വിവിധ വകുപ്പുകളുടെ പ്ലാൻ ഫണ്ട് വിഹിതത്തിൽ എത്ര ശതമാനം തുകവരെ ചെലവഴിച്ചു എന്നതിന്റെ സ്ഥിതിവിവരക്കണക്ക് ലഭ്യമാക്കുമോ ; | വകുപ്പ്തല കണക്ക് അനുസരിച്ച് 2012-13 സാമ്പത്തിക വർഷം സംസ്ഥാന വാർഷിക പദ്ധതിയിൽ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) നിന്നും 2012 ഡിസംബർ 31 വരെ 6140.50 കോടി രൂപ (38 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രത്തിൽനിന്നും ലഭിയ്ക്കേണ്ടുന്ന തുകയും ലഭിച്ച തുകയും ചെലവഴിച്ച തുകയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 2108.60 കോടി രൂപയിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 2012 ഡിസംബർ 31 വരെ 772.33 കോടി രൂപ ലഭ്യമായിട്ടുണ്ട്. വകുപ്പ്തല കണക്ക് പ്രകാരം ഇതേകാലയളവിൽ 844 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പുതിയ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പു സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിഞ്ഞത്; വിശദാംശം നൽകുമോ? | ഭൂമി സംബന്ധമായ റിക്കാർഡുകളുടെ ആധുനികവത്കരണം - ഭൂമി സംബന്ധമായ രേഖകളുടെ കമ്പ്യൂട്ടർ വത്കരണം (100%CSS), ചെറുകിട വ്യവസായ സംഘങ്ങളുടെ വികസന പദ്ധതി (20% CSS), സംയോജിത കൈത്തറി വികസന പദ്ധതി - 300-500 വരെ ലൂമേജുള്ള ക്ലസ്റ്ററുകളുടെ വികസനം (80% CSS) സന്നദ്ധ സംഘടനകൾക്കുള്ള സഹായം (90% CSS) എന്നിവയാണ് നടപ്പുസാമ്പത്തിക വർഷം (2012-13) ആരംഭിക്കുവാൻ കഴിഞ്ഞ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ. |

സെക്ഷൻ ഓഫീസർ.